LIBRARY ARCHIVES Kerala Legislative Assembly

ജനസമ്പർക്ക പരിപാടിയും മലപ്പുറത്തിനനൽകിയ സഹായവും

2(1733) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ഓരോ ജില്ലയിലും കഴിഞ്ഞ അഞ്ച് വർഷത്തിനകം എത്ര പരാതികൾ ലഭിച്ചു; എത്ര പരാതികൾക്ക് പരിഹാരം കണ്ടു; എത്ര രൂപയുടെ ധനസഹായം നൽകി; വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഓരോ ജില്ലയിലും വിതരണം ചെയ്ത ധനസഹായത്തിന്റെ കണക്ക് ലഭ്യമാക്കുമോ;

(സി) മലപ്പുറം ജില്ലയിൽ 2015-ലെ ജനസമ്പർക്ക പരിപാടിയിലെ അർഹരായ മുഴുവൻ അപേക്ഷകർക്കും ധനസഹായം വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.*

(സി) ഇല്ല. ശേഷിക്കുന്ന അപേക്ഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

പ്രീ സർവ്വീസ് പരിശീലനം

3 (1734) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിലെ ഏതെല്ലാം തസ്തികകളിലാണ് പ്രീ സർവ്വീസ് പരിശീലനമുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം വകുപ്പുകളിലെ പ്രീ സർവ്വീസ് പരിശീലനമാണ് ഇൻ സർവ്വീസായി പരിഗണിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) പ്രീ സർവ്വീസ് പരിശീലനം സർവ്വീസായി പരിഗണിക്കാത്ത തസ്തികകളുണ്ടെങ്കിൽ, പ്രീ പരിശീലന കാലയളവ് ഇൻ സർവ്വീസായി പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലഭ്യമായ വിവരങ്ങൾ പ്രകാരം കേരള ജനറൽ സർവ്വീസിലെ ഡിവിഷണൽ അക്കൗണ്ടന്റ് തസ്തിക; വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർ തസ്തിക; വനം വകുപ്പിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തിക; സർവ്വെയും ഭൂരേഖയും വകുപ്പിലെ സർവ്വെ സൂപ്രണ്ട് തസ്തിക, ലാന്റ് റവന്യൂ വകുപ്പിലെ പി.എസ്.സി. മുഖേന നേരിട്ട് നിയമനം ലഭിക്കുന്ന ഡെപ്യൂട്ടി കളക്ടർ തസ്തിക, സിവിൽ സപ്ലൈസ് വകുപ്പിലെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ; വാണിജ്യ നികുതി വകുപ്പിൽ നേരിട്ട് നിയമനം ലഭിക്കുന്ന കൊമേഴ്യൽ ടാക്സ് ഓഫീസർ തസ്തിക, ക്ഷീരവികസന വകുപ്പിൽ ഡയറിഫാം ഇൻസ്ട്രക്ടർ തസ്തിക; ആരോഗ്യവകുപ്പിനുകീഴിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ അനലിസ്റ്റ് ഗ്രേഡ് III, ഡ്രഗ്സ് ഇൻസ്പെക്ടർ, നഗരകാര്യ വകുപ്പിൽ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III, ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, പട്ടികജാതി വികസനവകുപ്പിലെ പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II എന്നീ തസ്തികകളിൽ പ്രീ സർവ്വീസ് പരിശീലനം നൽകുന്നുണ്ട്.

(ബി & സി) ഇവയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർ, വനം വകുപ്പിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സിവിൽ സപ്ലൈസ് വകുപ്പിലെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ എന്നിവർക്ക് നൽകുന്ന പ്രീ സർവ്വീസ് പരിശീലനകാലം ഇൻ സർവ്വീസ് ആയി പരിഗണിക്കുന്നുണ്ട്. ഡയറിഫാം ഇൻസ്ട്രക്ടർ തസ്തികയിലെ പ്രീസർവ്വീസ് പരിശീലനകാലം സർവ്വീസായി പരിഗണിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. ബാക്കിയുള്ള തസ്തികകളിലെ പ്രീസർവ്വീസ് പരിശീലനകാലം ഇൻ സർവ്വീസ് ആക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലില്ല.

പുതിയ തസ്തികകൾ

4 (1735) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചു; ഓരോന്നിന്റേയും വിശദാംശം വകുപ്പടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പുതിയ തസ്തികകൾ അനുവദിച്ചതിലൂടെ സംസ്ഥാനത്തിന് എത്ര രൂകയാണ് അധിക ബാധ്യതയായി വന്നിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?